പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. റ്റി. 1279 — 30.09.2011-ൽ മറുപടിയ്ക്ക്

# മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. ചന്ദ്രൻ | | ശ്രീ.കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന കൂലി എത്രയാണ് ; | എ. | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ ഇപ്പോൾ അവിദഗ്ദ്ധ തൊഴിലിനുള്ള കൂലി 150/- രൂപയായിട്ടാണ് നിജപ്പെടുത്തിയിരിക്കുന്നത്. |
| കേരളത്തിലെ കർഷകത്തൊഴിലാളികളുടെ മിനിമം കൂലിയേക്കാൾ കുറഞ്ഞ കൂലി യാണ് തൊഴിലുറപ്പു പദ്ധതിയിൽ നൽകിവരുന്നതെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി. | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| തൊഴിലുറപ്പു പദ്ധതിയിൽ കർഷകത്തൊഴിലാളി മിനിമം കൂലിയായ 200/- രൂപ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | സി. | സംസ്ഥാന തൊഴിലുറപ്പ് പദ്ധതിയിൽ അവിദഗ്ദ്ധ കൂലി 200/- രൂപയായി വർദ്ധിപ്പിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| എങ്കിൽ എന്നത്തേക്ക് നടപ്പിലാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | ഡി. | കേന്ദ്രാനുമതി ലഭിച്ചതിനുശേഷം മാത്രമേ നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ.